Week 2

# Weekly - Devotion - April 2018

## Right Time (തക്കസമയം)

### "Gods timing is perfect"




ഒരിക്കൽ ചിക്കാഗോയിൽ നടന്ന ഒരു വ്യാപാര മേളയിൽ സംബന്ധിച്ച് മടങ്ങുകയായിരുന്ന അഞ്ച് കംപ്യൂട്ടർ എഞ്ചിനീയർമാർ പുറപ്പെടാൻ തുടങ്ങിയ train ലേക്ക് ഓടിക്കയറുകയായിരുന്നു. ആ ഓട്ടത്തിനിടയിൽ അവരിലൊരുവന്റെ കാൽ തട്ടി ഒരു ആപ്പിൾ കൂട മറിഞ്ഞു വീണു. ഇത് കൂടയുടെ ഉടമ അറിഞ്ഞിരുന്നില്ല. കാഴ്ച കണ്ടവർ ആരും അയാളെ സഹായിക്കുവാനും തയാറായില്ല. എന്നാൽ ട്രെയിനിൽ ഓടിക്കയറിയ ഒരുവൻ ഇറങ്ങി വന്ന് ചിതറി പോയവ കുട്ടയിലാക്കി, നഷ്ടമായ ആപ്പിളുകൾക്ക് പകരമായി പത്ത് ഡോളർ നൽകുവാൻ ഒരുങ്ങിയപ്പോഴാണ് ആ ബാലന് കാഴ്ചയില്ല എന്നദ്ദേഹം മനസിലാക്കിയത്. സംഭവം വ്യക്തമാക്കി കൊടുത്ത് പണം നൽകി മടങ്ങുവാൻ തുടങ്ങിയ അദ്ദേഹത്തോട് ബാലൻ ചോദിച്ചു **"നിങ്ങൾ യേശുവാണോ"** ? തക്കസമയത്തുള്ള നമ്മുടെ പ്രവർത്തിയുടെ ഫലമനുഭവിക്കുന്നവർ നമ്മിൽ യേശുവിനെ കാണുമോ?

ദൈവം സകലവും അതതിന്റെ സമയത്ത് ഭംഗിയായി ചെയ്ത് തരുന്നവനാണ്. എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവർത്തിയെ ഗ്രഹിപ്പാൻ മനുഷ്യർക്ക് കഴിയുന്നില്ല . ദൈവീക പ്രവർത്തികൾ തക്കസമയത്തുള്ളതും ശാശ്വതവുമത്രെ. തക്കസമയത്ത് പ്രവർത്തിക്കുന്ന കർത്താവ് നമ്മുടെ ജീവിതത്തിൽ പ്രവർത്തി ചെയ്യുന്ന ആത്മീയ കാലങ്ങൾ അഥവാ സമയങ്ങൾ ഏതെല്ലാമെന്ന് ചിന്തിക്കാം.

### ആത്മീയ കാലങ്ങൾ ഏതെല്ലാം ?

1) **വരൾച്ചയുടെ കാലം** -

ഒരു വ്യക്തിയുടെ ജിവിതത്തിലെ ഏറ്റവും കഠിനമായ സമയമാണ് ഈ കാലം. കാരണം ഏതു പ്രവർത്തിയും ഫലമില്ലാതാകുക മാത്രമല്ല സാമ്പത്തിക നഷ്ടം, മാനസീക സംഘർഷം ഇവ തകർച്ചയിലാക്കുന്നു. ദൈവം പോലും കൈവിട്ടു എന്ന് പറഞ്ഞ് വിലപിക്കുന്ന സാഹചര്യം ആയി മാറുന്ന സമയമാണ് ഇത്. ഈ സമയത്ത് നമ്മെ യേശുവിൽ നിന്നകറ്റുകയാണ് സാത്താന്റെ പ്രവൃത്തി. ഈ സമയത്ത് ഭയപ്പെടരുത്. അത് നമ്മെ ആത്മീയ വരൾച്ചയിലാക്കും.സ്വയം ശോധന ചെയ്ത് തെറ്റുകൾ തിരുത്തി അവനോട് കുറേകൂടി അടുക്കുക. അനുഗ്രഹിച്ചല്ലാതെ

വിടുകയില്ല എന്ന് ആ പാദത്തിലിരുന്ന് പറയുക. അതേ ! അനുഗ്രഹമാരി അയയ്ക്കുന്ന തക്കസമയമായി അത് മാറുന്നു.

2) **കാത്തിരിപ്പിന്റെ കാലം**

യഹോവയുടെ ദയയും കരുണയും രാവിലെ തോറും പുതിയതും അവന്റെ വിശ്വസ്തത വലിയതുമാണ്. അതിനാൽ യഹോവയെ കാത്തിരിക്കുന്നവർക്കും അന്വേഷിക്കുന്നവർക്കും അവൻ നല്ലവനാണ്. ചിലപ്പോൾ ചില വിഷയങ്ങളുടെ കാത്തിരിപ്പ് ദീർഘിച്ചേക്കാം. ഓർക്കുക“ അവൻ സകലതും തക്ക സമയത്ത് ഭംഗിയായി ചെയ്യുന്നവനാണെന്നു” . വിശ്വാസത്തോടെ ചോദിച്ചവന് ഭാരം വേണ്ട. ഹന്ന എഴുന്നേറ്റു പിന്നീട് അവളുടെ മുഖം വാടിയില്ല എന്ന് 1 ശമു: (1:19) ൽ കാണുന്നു. അതുപോലെ നമ്മെ ഓർത്ത് പ്രവർത്തിക്കുന്ന ദൈവം അനുഗ്രഹമാരി അയയ്ക്കുന്നു. കൃപ നമ്മിലേക്കെത്തുന്നു.

**3) തകർത്ത് തരിപ്പിണമാക്കുന്ന കാലം**

അരിഷ്ടനും, മനസ്സുതകർന്നവനും എന്റെ വചനത്തിൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ യഹോവ കടാക്ഷിക്കും എന്ന് ദൈവവചനം പറയുന്നു. കഷ്ടതയുടെ നടുവിലായ യാക്കോബിനോട് ദൈവം പറയുന്നത് ശ്രദ്ധിക്കുക (Look ഉല്പ(35:1-5)

1, കഷ്ടതയിൽ കൂടെയിരുന്ന ദൈവത്തിന് യാഗപീഠം പണിയുക. ഉല്പത്തി(35:1,3)

2. അന്യദൈവങ്ങളിൽ ആശ്രയിക്കാതെ അവ പൂർണ്ണമായി മാറ്റുക.(ഉല്പത്തി (35:2,4)

3) പാപത്തിന്റെ വസ്ത്രം മാറ്റി ശുദ്ധിയുടെ വസ്ത്രം ധരിക്കണം- (ഉല്പത്തി 35:26)

അശുദ്ധി മാറ്റി യാഗം നടത്തിയപ്പോൾ തകർന്ന അവസ്ഥ മാറി. ദൈവത്തിന്റെ ഭീതി പട്ടണവാസികളുടെ മേൽ വീണതിനാൽ ജനം യിസ്രായേലിനെയും കൂട്ടരെയും ഉപദ്രവിച്ചില്ല.

4) **പരീക്ഷയുടെയും പരിശോധനയുടെയും കാലം**

പരീക്ഷകളിലും പരിശോധനകളിനും കൂടി കടക്കുമ്പോൾ നിരാശപ്പെടേണ്ട കാര്യമില്ല. നന്മ ചെയ്തുകൊണ്ട് ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്വം മിണ്ടാതാക്കേണം. നന്മ ചെയ്തിട്ട് കഷ്ടം സഹിച്ചാൽ അത് ദൈവത്തിന് പ്രസാദമാണ്. അല്പകാലത്തേക്കുമുള്ള കഷ്ടം സാരമില്ല എന്നന്നേക്കുമായി ദൈവം ഒരു വലിയ അനുഗ്രഹം തരുമെന്ന് വിശ്വസിക്കുക. നമുക്കുതന്നെ ജ്ഞാനികളെന്ന് തോന്നാതെ വചനത്തിലാശ്രയിച്ച് ദൈവ സന്നിധിയിലെത്തുന്ന നമുക്ക് അനുഗ്രഹമാരി ലഭ്യമാകുന്നു.

5) **ആത്മീയ യുദ്ധത്തിന്റെ കാലം**

സർവായുധവർഗം ധരിച്ച ദൈവ പൈതലിന് ശത്രുവിനെ പേടിക്കേണ്ട കാര്യമില്ല ദൈവ ത്തിനായി നില്ക്കുന്നവനെ സാത്താനിഷ്ടമല്ല. അവൻ പല പ്രതികൂലങ്ങളുമായി വരും. എന്നാൽ തക്കസമയത്ത് പ്രവർത്തിക്കുന്നവൻ കൂടെയുള്ളതിനാൽ ഈ യുദ്ധത്തിന്റെ വിജയം നമുക്കത്രെ. അതിനാൽ തക്കസമത്ത് പ്രവർത്തിക്കുന്നവനോട് ചേർന്ന് പ്രവർത്തിക്കുക. അതിന്റെ സമയത്ത് സകലവും ഭംഗിയായി ചെയ്യുന്ന ദൈവം നമുക്കായി ഒരുക്കിയ നിത്യത കൈവശമാക്കാൻ ദൈവം സഹായിക്കട്ടെ.

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind